**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3389** **11-03-2025 - ൽ മറുപടിയ്ക്ക്**

**പള്ളിക്കൽ യു.ഐ.റ്റി. ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിലെ പള്ളിക്കൽ യു.ഐ.റ്റി. ക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) | വർക്കല മണ്ഡലത്തിലെ പള്ളിക്കൽ യു.ഐ.റ്റി.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ പള്ളിക്കൽ വില്ലേജിൽ ബ്ലോക്ക് നം. 25 ൽ റീസർവ്വെ നം. 294/2-1 ൽപ്പെട്ട 19.83 ആർ (49 സെന്റ്) ഭൂമി ലഭ്യമാക്കുന്നതിന് യു.ഐ.റ്റി അധികൃതരിൽ നിന്നും അർത്ഥനാപത്രം ലഭ്യമായിട്ടുണ്ട് എന്നും, എന്നാൽ, ബഹു. കേരള ഹൈക്കോടതിയിൽ ഒരു സ്വകാര്യ വ്യക്തി ഫയൽ ചെയ്തിട്ടുള്ള WP(C) 6046/2025 നം. കേസിന്മേൽ, ബഹു. കോടതി നിരോധന ഉത്തരവ് നൽകിയിട്ടുള്ള ഭൂമി, യു.ഐ.റ്റിയ്ക്കായി കണ്ടെത്തിയിട്ടുള്ള ഭൂമിയുമായി ബന്ധമുണ്ടോ എന്നു ജില്ലാ തലത്തിൽ പരിശോധിച്ചു വരുന്നതിനാൽ ഇതിന്മേൽ വ്യക്തത വരുത്തിയ ശേഷം, ടി ഭൂമി യു.ഐ.റ്റി.യ്ക്ക് അനുവദിക്കുന്നതിനുള്ള വിശദമായ ശിപാർശ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടി ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിച്ചുവരുകയാണ്. പ്രസ്തുത ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് വിഷയത്തിൽ അനന്തര നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ